(ബി) കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി&സി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വികസിപ്പിക്കുന്നതിനും അനുവദിച്ച തുക

232 (682) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

ഇതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കായിക യുവജന കാര്യ കാര്യാലയം എന്നിവ മുഖേന അനുവദിക്കപ്പെട്ട തുക, സ്ഥാപനം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

സ്കൂളുകളിലെയും പൊതുസ്ഥലങ്ങളിലെയും കളിസ്ഥലങ്ങൾ

233 (683) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെയും പൊതുസ്ഥലങ്ങളിലെയും കളിസ്ഥലങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തൊക്കെ പുതിയ നടപടികളാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം വേണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ കളിസ്ഥലങ്ങളില്ലാത്ത സ്കൂളുകളിൽ അത്തരം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് കായികവകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) പൊതുസ്ഥലങ്ങളിൽ കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ പദ്ധതിക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളുടെയും പഞ്ചായത്തുകളുടെയും, പൊതുസ്ഥലങ്ങളിലെയും കളിസ്ഥലങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി നാഷണൽ പ്ലേയിംഗ് ഫീൽഡ്സ് അസോസിയേഷൻ ഓഫ് ഇൻഡ്യ (NPFAI) യുടെ മാതൃകയിൽ കേരള പ്ലേയിംഗ് ഫീൽഡ് അസോസിയേഷൻ എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നകാര്യം സർക്കാർ ആലോചിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി&ഡി) കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, കായിക യുവജനകാര്യ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന സംസ്ഥാനത്തെ സ്കൂളുകളിലും പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ, കേന്ദ്ര അംഗീകൃത പദ്ധതിയായ പൈക്ക പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് കളിക്കളം നിർമ്മിക്കാനുള്ള പദ്ധതി നിലവിലുണ്ട്.

കളിസ്ഥലങ്ങൾ നന്നാക്കുന്നതിനുള്ള സഹായങ്ങൾ

234 (684) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കളിസ്ഥലങ്ങൾ നന്നാക്കുന്നതിന് സഹായം നൽകുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇവയ്ക്ക് കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) കഴിഞ്ഞ 2 വർഷക്കാലയളവിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം കളിസ്ഥലങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വില്ലേജ് ആഫീസിൽനിന്നുള്ള കൈവശാവകാശ രേഖ, പി.ഡബ്ല്യു.ഡി./എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ട പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് സഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly